# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 367

## 08.08.2017 ലെ മറുപടിക്ക്

## <u>ആസ്തിവികസന പദ്ധതികൾക്ക് ഭരണാനുമതി</u>

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടറേറ്റുകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | 2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണ്. നിലവിൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒരു കോടി രൂപയിൽ താഴെ അടങ്കലുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള മുഴുവൻ നടപടിക്രമങ്ങളും കളക്ടറേറ്റുകളിലാണ് കൈകാര്യം ചെയ്യുന്നത്. ഒരു കോടിയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്കുള്ള അനുമതിയ്ക്കായി പ്രസ്തുത ശുപാർശകൾ കളക്ടർമാർ ധനകാര്യ വകുപ്പിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. ആസ്തി വികസന പദ്ധതിയ്ക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ് വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28.07.2017 ന് വിളിച്ചു ചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് NIC യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കാലതാമസം കൂടാതെ ഒരു കോടി രൂപ വരെയുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നല്കാനും അല്ലാത്തവ സെക്രട്ടേറിയറ്റിലേക്ക് ഫോർവേഡ് ചെയ്യാനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | |

Shithal

**സെക്ഷൻ ഓഫീസർ**